STATE POLICE MEDIA CENTRE
KERALA POLICE
Police Headquarters
Vazhuthacaud
Thiruvananthapuram - 695010
0471 2318188
info.pol@kerala.gov.in
statepolicemediacentre

No.22/PR/SPMC/PHQ/2023 Date:22.02.2023

# മദ്യപിച്ചുള്ള ഡ്രൈവിങ്: സംസ്ഥാന വ്യാപകപരിശോധനയിൽ രജിസ്റ്റർ ചെയ്തത് 3764 കേസുകൾ

മദ്യപിച്ച് വാഹനമോടിക്കുന്നവരെ കണ്ടെത്താൻ സംസ്ഥാന വ്യാപകമായി പോലീസ് നടത്തിയ പ്രത്യേക പരിശോധനയെത്തുടർന്ന് 3764 കേസുകൾ രജിസ്റ്റർ ചെയ്തു. 1911 പേരുടെ ഡ്രൈവിങ് ലൈസൻസ് റദ്ദാക്കാനും 894 പേരുടെ ഡ്രൈവിങ് ലൈസൻസ് കണ്ടുകെട്ടാനും നടപടി സ്വീകരിച്ചു.

ട്രാഫിക് വിഭാഗം ഐ.ജി എ.അക്ബറിന്റെ നിർദ്ദേശപ്രകാരം ജില്ലാ പോലീസ് മേധാവിമാരുടെ നേതൃത്വത്തിലാണ് ഫെബ്രുവരി 6 മുതൽ 12 വരെ സംസ്ഥാന വ്യാപകപരിശോധന നടത്തിയത്.

മദ്യപിച്ചു വാഹനമോടിച്ചതിന് ഈ കാലയളവിൽ ഏറ്റവും കൂടുതൽ കേസുകൾ രജിസ്റ്റർ ചെയ്തത് തൃശൂർ സിറ്റിയിലാണ് – 538 എണ്ണം. കൊച്ചി സിറ്റിയിൽ 342 കേസുകളും ആലപ്പുഴയിൽ 304 കേസുകളും രജിസ്റ്റർ ചെയ്തു. ഏഴ് കേസുകൾ രജിസ്റ്റർ ചെയ്ത തിരുവനന്തപുരം സിറ്റിയിലാണ് ഏറ്റവും കുറവ് കേസുകൾ.

വാഹനാപകടങ്ങൾ കുറയ്ക്കുന്നതിനായി നടത്തുന്ന ഇത്തരം പരിശോധനകൾ എല്ലാ ജില്ലകളിലും തുടരുമെന്ന് ട്രാഫിക് ഐ.ജി അറിയിച്ചു.

************